

# സ്രഷ്ടാവായ ദൈവം

1

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

# പാഠം 8

# മറിയം ഈശോയുടെ അമ്മ



ദൈവപുത്രനായ
ഈശോയുടെ
അമ്മയാണ് മറിയം



ഒരിക്കൽ ഗബ്രിയേൽ മാലാഖ നസ്രത്തിലെ കന്യകാമറിയത്തിന്റെ അടുക്കൽ വന്നു. മാലാഖ മറിയത്തോടു പറഞ്ഞു: 'ദൈവകൃപ നിറഞ്ഞവളേ സ്വസ്തി! കർത്താവ് നിന്നോടുകൂടെ. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന് ഈശോ എന്നു പേരിടണം'.

മറിയം മാലാഖയോടു പറഞ്ഞു

ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.

# നമുക്കു പ്രാർത്ഥിക്കാം

**നന്മ നിറഞ്ഞ മിറയമെ സ്വസ്തി!**
**കർത്താവ് അങ്ങയോടുകൂടെ സ്ത്രീകളിൽ**
**അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു**
**അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ**
**അനുഗ്രഹിക്കപ്പെട്ടവനാകുന്നു.**

പരിശുദ്ധ മിറയമെ തമ്പുരാന്റെ അമ്മേ
പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും
ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട്
അപേക്ഷിക്കണമെ, ആമ്മേൻ.

# നമുക്കു പാടാം



സ്വസ്തി നന്മപൂരിതേ
നിന്നോടുകൂടേ നാഥനും
സ്ത്രീകളിൽ അനുഗ്രഹീത
നിൻ കുമാരനേശുവും.

പാപരഹിതയായ മേരി
തമ്പുരാന്റെയമ്മ നീ
പാപികൾ ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കേണമെപ്പോഴും.



ഈശോയുടെ അമ്മ നമ്മുടേയും അമ്മയാണ്.
ഈശോയുടെ അമ്മയായ
മറിയത്തെ നാം മാതാവ് എന്നു വിളിക്കുന്നു.



എന്റെ അമ്മയെ എനിക്ക് ഇഷ്ടമാണ്. എന്റെ ആവശ്യങ്ങൾ അമ്മ എനിക്കു സാധിച്ചു തരും. പരിശുദ്ധ മറിയം എന്റെ സ്വർഗീയ അമ്മയാണ് ഈശോയെ സ്നേഹിച്ചതുപോലെ മാതാവ് എന്നേയും സ്നേഹിക്കുന്നു. എന്റെ ആവശ്യങ്ങളിൽ മാതാവ് എന്നെ സഹായിക്കുന്നു.

# കൈകൾ കൂപ്പാം

പരിശുദ്ധ അമ്മേ, എന്റെ ആവശ്യ
ങ്ങളിൽ എന്നെ സഹായിക്കണമേ



# മനഃപാഠമാക്കാം

‘ ഇതാ കർത്താവിന്റെ ദാസി

നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ’.

ലൂക്കാ 1:38

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവപുത്രനായ ഈശോയുടെ അമ്മയാണ് മറിയം.

* ഈശോയുടെ അമ്മ നമ്മുടെയും അമ്മയാണ്.

* നമ്മുടെ അവശ്യങ്ങളിൽ മാതാവ് നമ്മെ സഹായിക്കുന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ഈശോയുടെ അമ്മയെ നമ്മുടെ അമ്മയായി കാണുകയും മാധ്യസ്ഥ്യം തേടുകയും ചെയ്യണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* എന്റെ അമ്മേ എന്റെ ആശ്രയമേ എന്ന സുകൃതജപം ഞാൻ ഭക്തിയോടെ ചൊല്ലും.


THANK
YOU